വൈദ്യുതി ബോർഡിലെ എൽ. ടി. ബില്ലിംഗ് കമ്പ്യൂട്ടറൈസേഷൻ

192 [1134] *ശ്രീ. എ. കെ. ബാലൻ:*
„ *പി. ജയരാജൻ:*
„ *പിരപ്പൻകോട് മുരളി:*
„ *കെ. രാധാകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ബോർഡിലെ എൽ. ടി. ബില്ലിംഗ് കമ്പ്യൂട്ടറൈസേഷന്റെ ഇപ്പോഴത്തെ അവസ്ഥ വിശദമാക്കാമോ;

(ബി) ബില്ലിംഗ് സോഫ്റ്റ്വെയറിൽ കണ്ടെത്തി പരിഹരിക്കാൻ സാധിച്ച അപാകതകൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(സി) സോഫ്റ്റ്വെയറിലെ അപാകതകൾ പഠിക്കാൻ നിയോഗിച്ച സി-ഡാക്കിന്റെ പഠനപുരോഗതിയുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ഡി) കമ്പ്യൂട്ടറൈസേഷന്റെ ഭാഗമായി കമ്പ്യൂട്ടർ ഹാർഡ്വെയർ വാങ്ങുന്നതിനെക്കുറിച്ചുള്ള പരാതികൾ പരിശോധിക്കാൻ നിയോഗിച്ചിരുന്ന വിദഗ്ദ്ധ സമിതിയുടെ റിപ്പോർട്ടുകൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) 174 സെക്ഷനുകളിൽ എൽ. ടി. ബില്ലിംഗ് കമ്പ്യൂട്ടറൈസേഷൻ നടപ്പിലാക്കിയിട്ടുണ്ട്.

(ബി) ട്രയൽ റണ്ണിനുശേഷം നടപ്പിലാക്കിയ സോഫ്റ്റ്വെയറിൽ ബില്ലിംഗ് അപാകതകൾ ഒന്നുംതന്നെ കണ്ടെത്തിയിട്ടില്ല. എന്നാൽ സോഫ്റ്റ്വെയർ ഉപയോഗിക്കുന്ന ഉദ്യോഗസ്ഥരുടെ താൽപര്യപ്രകാരം പല മാറ്റങ്ങളും കൂടുതൽ സൗകര്യങ്ങളും സോഫ്റ്റ്വെയറിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഇതിൽ പ്രധാനപ്പെട്ടവ താഴെക്കൊടുക്കുന്നു:

(1) കൂടുതൽ പ്രോസ്സസുകൾ ഒരേസമയം ചെയ്യുമ്പോൾ കമ്പ്യൂട്ടറിനുണ്ടായിരുന്ന വേഗതക്കുറവ് പരിഹരിച്ചു.

(2) സ്പോട്ട് ബില്ല് വിവരങ്ങൾ കമ്പ്യൂട്ടറിലേക്ക് നൽകുന്നതിനുവേണ്ടി കൂടുതൽ സൗകര്യപ്രദമായ സ്ക്രീൻ ഉൾപ്പെടുത്തി.

(3) പ്രയോജനപ്രദമായ പല പുതിയ റിപ്പോർട്ടുകളും സോഫ്റ്റ്വെയറിൽ ഉൾപ്പെടുത്തി.

LIBRARY ARCHIVES Kerala Legislative Assembly

(സി) 174 സെക്ഷനുകളിൽ നടപ്പിലാക്കിയ ജ്യോതി സോഫ്റ്റ്വെയറിന്റെ ടെസ്റ്റിംഗ് സി-ഡാക്ക് ഏകദേശം പൂർത്തിയാക്കിയിട്ടുണ്ട്. പഠനറിപ്പോർട്ട് ഉടൻ പ്രതീക്ഷിക്കുന്നു

(ഡി) ഇതിനായി പ്രത്യേകിച്ച് വിദഗ്ദ്ധ സമിതിയെ നിയോഗിച്ചിട്ടില്ല.

ഗ്രാമീണ മലയോര മേഖലയിൽ വൈദ്യുതീകരണത്തിന് കേന്ദ്രഗവൺമെന്റിന്റെ സഹായം

193 [1135] *ശ്രീ. കെ. വി. കുഞ്ഞിരാമൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര ഗവൺമെന്റിന്റെ സഹായത്തോടെ നടപ്പിലാക്കുന്ന എ. ആർ. ഇ. പി. പദ്ധതിയിൽ ഉദുമ നിയോജകമണ്ഡലത്തിലെ ഏതൊക്കെ വില്ലേജുകളിൽ ഏതൊക്കെ സ്ഥലങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ)

വില്ലേജ്	*കരകൾ*
ആദൂർ	ആടൂരടുക്കം, ബിള്ളച്ചേരി, ചള്ളത്തുങ്കാൽ-ബൗവന്തടുക്ക, ചന്തരാമ വയൽ, എടംപറമ്പ, ഏവന്തൂർ, ഗോളിയത്തടുക്ക, കടുമന, കാട്ടിപ്പാറ, കൊട്ടുമ്പ, മണിയൂർ, മട്ടവയൽ-കാട്ടികാവ്, ഒടിയപദവ്, നാച്ചിപദവ്, പള്ളംകോട്, പള്ളാൻജി, പാന്നി, പാന്നിബയൽ, പയറടുക്കം, സഞ്ചക്കടവ്, തച്ചറക്കുണ്ട്.
ആദൂർ	ബെളെം, കോണാല, മല്ലബാനു.
ബേടടുക്ക	ആലത്തുപാറ, ഗദമൂല, കീക്കാനം, കോളിക്കുണ്ട്, മാനടുക്കം, പോളിയംകുന്ന്, താലത്തട്ടടുക്ക, താമാലം.
ദേലംപാടി	ബെള്ളിപ്പാടി, കടമനടുക്കം (എസ്. സി.), കാക്കപ്പാടി-നൂജിബെട്ടു, കുതിർമുണ്ട, നൂജിബെട്ടു (എസ്. സി.), പഞ്ചിക്കാൽ സ്കൂൾ.

LIBRARY ARCHIVES Kerala Legislative Assembly